പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2431** **05-11-2019 ൽ മറുപടിക്ക്**

**കെ.എ.എൽ.നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. ഇ.പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന കേരള ഓട്ടോമൊബൈൽസിൽ നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷ ഏത് മാസം മുതൽ വിപണിയിൽ എത്തും എന്ന് വിശദമാക്കാമോ; | എ) | ഡിസംബർ മാസം മുതൽ വിപണിയിൽ ലഭ്യമാക്കുവാനാണ് ശ്രമിക്കുന്നത്. |
| ബി) | ഓരോ മാസവും എത്ര ഇലക്ട്രിക് ഓട്ടോകൾ വിപണിയിൽ എത്തിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | ബി) | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കനുസരിച്ച് ഓരോ മാസവും 500 ഇലക്ട്രിക് ഓട്ടോകൾ മാർക്കറ്റിൽ എത്തിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. |
| സി) | പുതുതായി മറ്റ് ഇലക്ട്രിക് അനുബന്ധ വാഹനങ്ങൾ നിർമ്മിക്കാൻ കെ.എ.എൽ. ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) | ഉണ്ട്. പുതിയതായി ഇലക്ട്രിക്കൽ ബസ്സുകൾ നിർമ്മിക്കാനും ഇലക്ട്രിക്കൽ വാഹനങ്ങൾക്ക് ആവശ്യമായ ലിഥിയം ടൈറ്റാനേറ്റ് ബാറ്ററികൾ നിർമ്മിക്കാനുമുള്ള വിവിധതലത്തിലുള്ള ചർച്ചകൾ നടക്കുന്നു. ചർച്ചകൾ ഫലവത്താകുന്നതിനനുസരിച്ച് ഇലക്ട്രിക്കൽ ബസ്സുകളുടെ നിർമ്മാണം തുടങ്ങുന്നതുമാണ്. |

സെക്ഷൻ ഓഫീസർ